"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ല - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഹൈസ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണത്തിനുള്ള ചെലവ് ജില്ലാ പഞ്ചായത്തിൽ നിന്നും നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2740/2025/LSGD തീയതി,തിരുവനന്തപുരം, 08-11-2025

---

പരാമർശം:-

1. കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.09.2025-ലെ കത്ത്.
2. കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 09.09.2025, 26.09.2025 എന്നീ തീയതികളിലെ 3769649/25 -ാം നമ്പർ കത്ത്.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 22.10.2025 ലെ യോഗതീരുമാനം 4.43.

**<u>ഉത്തരവ്</u>**

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും പോഷകാഹാരക്കുറവ് പരിഹരിച്ച് പഠനത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതിനുമായി കണ്ണൂർ ജില്ലയിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കൂടുതൽ പഠിക്കുന്നതും പട്ടികവർഗ്ഗ വകുപ്പിന്റെ ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാത്തതുമായ സ്കൂളുകളിൽ പ്രഭാതഭക്ഷണം നൽകുന്നതിനുള്ള പ്രോജക്ട് 2024-25 വർഷത്തിൽ ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയിരുന്നു. ജില്ലാ പഞ്ചായത്ത് മുഖേന ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം വിതരണം ചെയ്തത് മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്തതിനാൽ സർക്കാരിന്റെ സാധൂകരണം വാങ്ങണമെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് പരാമർശിച്ചതിനെത്തുടർന്ന് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് 2024-25 വർഷം പ്രഭാതഭക്ഷണം നൽകിയതിന് സാധൂകരണം നൽകണമെന്നും 2025-26 വർഷം ഇതേ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നും പരാമർശം (1), (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു. GHSS പാല, GHSS പടിയൂർ , GHSS മണത്തണ, St.Thomas HSS കരിക്കോട്ടക്കരി, St.Thomas HSS കേളകം എന്നീ സ്കൂളുകളിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് പ്രഭാത ഭക്ഷണം നൽകുന്നത്.

സർക്കാർ ഇക്കാര്യം പരാമർശം (3) പ്രകാരം ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല

കോർഡിനേഷൻ കമ്മറ്റിയിൽ വിശദമായി പരിശോധിച്ചു. പ്രഭാത ഭക്ഷണം നൽകുന്നതിനുള്ള മറ്റു ക്രമീകരണം പട്ടികവർഗ്ഗ വികസന വകുപ്പ് ഉണ്ടാക്കേണ്ടതാണെന്ന നിർദ്ദേശത്തോടെ പ്രഭാത ഭക്ഷണത്തിനുള്ള ചെലവ് ജില്ലാ പഞ്ചായത്തിൽ നിന്നും നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മധുസൂദനൻ വി
അണ്ടർ സെക്രട്ടറി

ജില്ലാ പഞ്ചായത്ത് സെക്രട്ടറി/പ്രസിഡണ്ട് കണ്ണൂർ ജില്ല
ജില്ലാ പ്ലാനിംഗ് ഓഫീസർ, കണ്ണൂർ ജില്ല
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ ജില്ല
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയാറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
പട്ടികവർഗ്ഗ വികസന വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് കേരള, തിരുവനന്തപുരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ വകുപ്പ്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Viraj K
Date: 10-11-2025 11:35:44
സെക്ഷൻ ഓഫീസർ